REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-01-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീരിലെ സോനാമാർഗ് ടണൽ പദ്ധതി അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.**
- **അമൃതസ്നാനത്തോടെ പ്രയാഗ് -രാജിൽ**
- **മഹാ കുംഭമേളയ്ക്ക് തുടക്കമായി.**
- **PV അൻവർ MLA സ്ഥാനം രാജിവെച്ചു. അൻവറിനെ തൃണമൂൽ കോൺഗ്രസ് സംസ്ഥാന കൺവീനറായി നിയമിച്ചു.**
- **നാളെ മകരവിളക്ക്. സന്നിധാനവും പരിസരപ്രദേശങ്ങളും ഒരുങ്ങി.**
- **ജയ്പൂരിൽ ദേശീയ സീനിയർ വോളിബോളിൽ കേരളത്തിന്റെ പുരുഷ- വനിതാ ടീമുകൾ ഇന്ന് കലാശപ്പോരാട്ടത്തിനിറങ്ങും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീരിലെ സോനാമാർഗ് ടണൽ പദ്ധതി അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. ലേയിലേക്കു ശ്രീനഗറിനും സോനാമാർഗിനും ഇടയിൽ എല്ലാ കാലാവസ്ഥയിലും ഗതാഗതസൗകര്യം നൽകുന്നതാണ് പുതിയ തുരങ്കം.

ഏകദേശം 12 കിലോമീറ്റർ നീളം വരുന്ന സോനാമാർഗ് ടണൽ പദ്ധതി 2,700 കോടി രൂപ ചെലവിലാണ് നിർമ്മിച്ചിരിക്കുന്നത്. ശൈത്യകാല വിനോദസഞ്ചാരം, സാഹസിക വിനോദങ്ങൾ, പ്രാദേശിക ഉപജീവനമാർഗങ്ങൾ എന്നിവ വർധിപ്പിച്ച് തുരങ്കം ടൂറിസത്തെ പ്രോത്സാഹിപ്പിക്കും. ശ്രീനഗർ

താഴ്-വരയ്ക്കും ലഡാക്കിനുമിടയിൽ തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കാനും തുരങ്കം സഹായിക്കും.

✪✪✪

മഹാകുംഭമേളയ്ക്ക് പ്രയാഗ്-രാജിൽ അമൃത് സ്നാനത്തോടെ തുടക്കമായി. കോടിക്കണക്കിന് തീർത്ഥാടകർ ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനമായ ത്രിവേണി സംഗമത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുണ്യസ്നാനം നടത്തും. അടുത്തമാസം 26 വരെ തുടരുന്ന മേളയിൽ 45 കോടിയിലധികം ഭക്തർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും നിറവിൽ എണ്ണമറ്റ ഭക്തർ ഒന്നാകുന്ന മേള ഇന്ത്യയുടെ ആധ്യാത്മികതയുടെയും സമുദായ സൗഹാർദ്ദത്തിന്റെയും പ്രതീകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധങ്കറും ലോഹ്റി ദിനത്തിൽ ആശംസ നേർന്നു. നാളെ ആഘോഷിക്കുന്ന മകരസംക്രാന്തി, പൊങ്കൽ, മാഗ് ബിഹു ഉത്സവങ്ങൾക്കും രാഷ്ട്രപതി ആശംസ നേർന്നു.

ഈ ഉത്സവങ്ങൾ രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകങ്ങളാണെന്നും എല്ലാവരുടെയും ജീവിതത്തിൽ ഉത്സാഹവും സന്തോഷവും നൽകുന്നതാണെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

ഈ ഉത്സവങ്ങൾ വിളവെടുപ്പ് കാലത്തെ ബഹുമാനിക്കുന്ന രാജ്യത്തിന്റെ പുരാതന പാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

പുതുച്ചേരി ജിപ്മെറിൽ അഞ്ചു വയസ്സുകാരിയ്ക്ക് HMP വൈറസ് ബാധ സ്ഥിരീകരിച്ചു. കഴിഞ്ഞ ദിവസം പനി, ചുമ, എന്നീ ലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടി സുഖം പ്രാപിച്ചു വരികയാണെന്നും അണുബാധ പടരാതിരിക്കാൻ മുൻകരുതലെടുത്തിട്ടുണ്ടെന്നും പുതുച്ചേരി ആരോഗ്യവകുപ്പ് അറിയിച്ചു.

✪✪✪

PV അൻവർ MLA സ്ഥാനം രാജിവെച്ചു. ശനിയാഴ്ച ഇ-മെയിലിലൂടെ സ്പീക്കർ AN ഷംസീറിന് രാജിക്കത്ത് അയച്ചതായും ഇന്ന് രാജിക്കത്ത് നേരിട്ട് കൈമാറിയതായും അൻവർ തിരുവനന്തപുരത്ത് അറിയിച്ചു.

മമതാ ബാനർജിയുടെ നിർദേശപ്രകാരമാണ് രാജിയെന്നും പിണറായിസത്തിനെതിരായ പോരാട്ടം തുടരുമെന്നും അൻവർ പറഞ്ഞു. പ്രതിപക്ഷനേതാവ് VD സതീശനെതിരെ ഉന്നയിച്ച അഴിമതി ആരോപണം P.ശശിയുടെ നിർദേശമനു സരിച്ചാണെന്നും അൻവർ വെളിപ്പെടുത്തി. സംഭവത്തിൽ നിരുപാധികമായി മാപ്പ് പറയുകയാണെന്നും അൻവർ അറിയിച്ചു.

നിലമ്പൂരടക്കം മലയോര മേഖല കടുത്ത വന്യജീവി ശല്യം നേരിടുകയാണെന്നും ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ക്രൈസ്തവരെ ആണെന്നും അദ്ദേഹം പറഞ്ഞു. അതിനിടയിൽ കൊണ്ടുവരുന്ന വന നിയമഭേദഗതി കർഷക താൽപര്യത്തിന് വിരുദ്ധവും വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്നതാണെന്നും അൻവർ വിലയിരുത്തി. ഇതിനെതിരായ പോരാട്ടം കൂടിയാണ് രാജിയിലൂടെ തുടങ്ങിവെക്കുന്നത്.

നിലമ്പൂരിൽ നിയമസഭ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്നും അൻവർ വ്യക്തമാക്കി. മലയോരമേഖലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ക്രൈസ്തവ സമുദായത്തിൽപെട്ട ഒരാളായിരിക്കണം അവിടുത്തെ സ്ഥാനാർത്ഥി. മലപ്പുറം DCC പ്രസിഡന്റ് കൂടിയായ VS ജോയിയെ നിലമ്പൂരിൽ UDF സ്ഥാനാർത്ഥിയാക്കണമെന്നും അദ്ദേഹത്തിന്റെ വിജയത്തിന് എല്ലാ ശക്തിയും ഉപയോഗിച്ച് പ്രചാരണം നടത്തുമെന്നും അൻവർ പറഞ്ഞു.

✪✪✪

PV അൻവറിനെ തൃണമൂൽ കോൺഗ്രസ് സംസ്ഥാന കൺവീനറായി നിയമിച്ചു. രാജി പ്രഖ്യാപനത്തിന് പിന്നാലെയാണ് അൻവറിന്റെ നിയമനം. പാർട്ടി അധ്യക്ഷ മമതാ ബാനർജിയാണ് അൻവറിന്റെ നിയമനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്.

✪✪✪

PV അൻവറിന്റെ പാർട്ടി മാറ്റം ഒരു രാഷ്ട്രീയ ചലനവും കേരളത്തിൽ ഉണ്ടാക്കില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. വാചക കസർത്ത് കൊണ്ടൊന്നും കാര്യമില്ലെന്നും അൻവർ ഒടുവിൽ ചേരുക UDFൽ തന്നെയാകുമെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

വയനാട് DCC ട്രഷറർ NM വിജയന്റെ മരണത്തിൽ ഡിസിസി നേതൃത്വത്തിന് ഉൾപ്പെടെ പങ്കുണ്ടെന്ന് MV ഗോവിന്ദൻ ആരോപിച്ചു. ഉത്തരവാദികളെ കോൺഗ്രസ് സംരക്ഷിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

UDF ന് പിന്തുണ പ്രഖ്യാപിച്ച PV അൻവറിന്റെ നിലപാട് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് UDF ആണെന്ന് മുസ്ലീലീഗ് ദേശീയ ജന. സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഇക്കാര്യത്തിൽ പാർട്ടി ഒറ്റയ്ക്ക് അഭിപ്രായം പറയേണ്ട കാര്യമില്ലെന്നും രാഷ്ട്രീയ സാഹചര്യം മുസ്ലീം ലിഗ് വിലയിരുത്തിയതായും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി.

✪✪✪

PV അൻവറുമായി സഹകരണം ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K.മുരളീധരൻ പറഞ്ഞു. നിലമ്പൂരിലെ സ്ഥാനാർത്ഥിയെ പാർട്ടി പ്രഖ്യാപിക്കുമെന്നും തിരഞ്ഞെടുപ്പിൽ ആരുടെ പിന്തുണയും പ്രയോജനം ചെയ്യുമെന്നും മുരളീധരൻ അറിയിച്ചു.

✪✪✪

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. വൈകിട്ട് R.ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ  സമാപന സമ്മേളനം പ്രശസ്ത തമിഴ് ചലച്ചിത്ര താരം പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും.

ശ്രീലങ്കൻ സാഹിത്യകാരി VV പദ്മസീലി ചടങ്ങിൽ മുഖ്യാതിഥിയാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

.......വോയ്സ്...........

7 നാൾ നീണ്ട കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിനാണ് ഇന്ന് കൊടിയിറങ്ങുന്നത്. സമാപന സമ്മേളനത്തിൽ ചലച്ചിത്ര നടൻ ഇന്ദ്രൻസിനെ ആദരിക്കും.

സ്പീക്കർ എ എൻ ഷംസീർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരാ കെ എൻ ബാലഗോപാൽ,പി പ്രസാദ്, മേയർ ആര്യ രാജേന്ദ്രൻ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

പുസ്തകോത്സവത്തിൽ രാഷ്ട്രീയ സാഹിത്യ  കലാ മേഖലകളിലെ പ്രശസ്ത വ്യക്തികൾ വിവിധ സെഷനുകളിൽ ഭാഗമായി.  150 ലധികം ദേശീയ അന്തർ ദേശീയ പ്രസാധകർ പുസ്തകോത്സവത്തിൽ പങ്കെടുത്തു.

പാനൽ ചർച്ചകൾ, മീറ്റ് ദി ഓതർ, സാഹിത്യ സംവാദങ്ങൾ, കവിയരങ്ങ്, സ്മൃതി സന്ധ്യ, കഥയരങ്ങ്, തുടങ്ങി പല വിഭാഗങ്ങളിലായി 70 ഓളം പരിപാടികൾ പുസ്തോകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. 350 ഓളം പുസ്തക പ്രകാശനങ്ങളും 60 ൽ അധികം പുസ്തക ചർച്ചകളും നടന്നു.

കുട്ടികൾക്കായി സ്റ്റുഡൻ്റ്സ് കോർണർ, കെ എസ് ആർ ടി സി ഡബിൾ ഡക്കർ ബസിൽ നഗരം ചുറ്റൽ, വിവിധ കലാപരിപാടികൾ എന്നിവയും ഇത്തവണത്തെ പുസ്തകോത്സവത്തിൻ്റെ സവിശേഷതകൾ ആയിരുന്നു.

✪✪✪

നാളെ  ദേശീയ സായുധസേനാ വെറ്ററൻസ് ദിനം. ഇന്ത്യൻ കര സേനയുടെ ആദ്യ മേധാവി ഫീൽഡ് മാർഷൽ KM കരിയപ്പയുടെ സേവനങ്ങൾ അനുസ്മരിക്കാനും  ആദരം അർപ്പിക്കാനുമാണ് എല്ലാ വർഷവും ജനുവരി 14 സായുധസേനാ വെറ്ററൻസ് ദിനമായി  ആചരിക്കുന്നത് .

✪✪✪

മകരവിളക്കിനൊരുങ്ങി സന്നിധാനവും പരിസരപ്രദേശങ്ങളും. പമ്പാ സദ്യ ആരംഭിച്ചു. പമ്പ വിളക്കും ഇന്ന് നടക്കും.

വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്)......

നാളെ നടക്കുന്ന മകരവിളക്കിനൊരുങ്ങി സന്നിധാനവും പരിസര പ്രദേശങ്ങളും. തിരക്കൊഴിവാക്കി സുരക്ഷിത തീർഥാടനം സാധ്യമാക്കാൻ വിവിധ വകുപ്പുകളുടെയും അയ്യപ്പ ഭക്തരുടെയും കൂട്ടായ പ്രവർത്തതമാണ് നടന്നുവരുന്നത്. തിരക്കൊഴിവാക്കാൻ കൃത്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാളെ രാവിലെ 10 നുശേഷം പമ്പയിൽ നിന്ന് തീർഥാടകരെ സന്നിധാനത്തേയ്ക്ക് കയറ്റിവിട്ടില്ല. തിരുവാഭരണ പേടകവാഹകർ മലകയറിയശേഷം മാത്രമേ പ്രവേശനം അനുവദിക്കൂ. ഉച്ചകഴിഞ്ഞാൽ വൈകിട്ട് ദീപാരാധനയ്ക്ക് ശേഷമാകും 18ാംപടികയറാനനുവദിക്കുക.

മകരവിളക്കിനു മുന്നോടിയായുള്ള ശുദ്ധിക്രിയകൾ സന്നിധാനത്ത് തന്ത്രിയുടെ കാർമ്മികത്വത്തിൽ ഇന്നും തുടരും.  മകരവിളക്കിനു മുന്നോടിയായുള്ള പ്രധാന ചടങ്ങായ പമ്പാസദ്യ ആരംഭിച്ചു. എരുമേലിയിൽ പേട്ട തുള്ളിയ അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ കാനന പാത വഴി കാൽനടയായി പമ്പയിലെത്തി നടത്തുന്ന ചടങ്ങാണിത്. മവപ്പടയെ തോൽപ്പിച്ചു വന്ന അയ്യപ്പനെ വരവേൽക്കാൻ സദ്യ ഒരുക്കിയതിൻ്റെ ഐതിഹ്യത്തിലാണ് സദ്യ. എല്ലാ വിഭവങ്ങളും പായസവും ചേർന്ന സദ്യ ആദ്യം അയ്യപ്പ സ്വാമിക്കു വിളമ്പി. പിന്നെ ഭക്തരും പങ്കാളികളായി. വൈകിട്ട് 6നു വൈകിട്ട് പമ്പയിൽ ദീപം തെളിച്ചു പമ്പ വിളക്കും നടക്കും.

✪✪✪

തൈപൊങ്കൽ പ്രമാണിച്ച് പാലക്കാട്, വയനാട് ഉൾപ്പെടെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ആറ് ജില്ലകൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലും അവധി നൽകിയിട്ടുണ്ട്.

✪✪✪

കുസാറ്റിൽ നാളെയും മറ്റന്നാളും നടക്കുന്ന ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നാഴികക്കല്ലായി മാറുമെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കോൺക്ലേവിനു മുന്നോടിയായി 'സ്റ്റഡി ഇൻ കേരള' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാല കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് കോൺക്ലേവ് സംഘടിപ്പിച്ചരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു .

കോൺക്ലേവിനു മുന്നോടിയായി കുസാറ്റിൽ ആരംഭിച്ച വിദ്യാഭ്യാസ പ്രദർശനവും മന്ത്രി ഉദ്ഘാടനം ചെയ്തു.

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

✪✪✪

തൃശൂർ പീച്ചി ഡാമിൽ വീണ് ചികിത്സയിൽ കഴിയുന്ന 3 വിദ്യാർത്ഥികളുടെയും നില ഗുരുതരമായി തുടരുന്നു. ഇവർ ചികിത്സയിൽ കഴിയുന്ന തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി പുറത്തിറക്കിയ മെഡിക്കൽ ബുള്ളറ്റിനിലാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

ജയ്പൂരിൽ ദേശീയ സീനിയർ വോളിബോളിൽ കേരളത്തിന്റെ പുരുഷ- വനിതാ ടീമുകൾ ഇന്ന് കലാശപ്പോരാട്ടത്തിനിറങ്ങും. പുരുഷ വിഭാഗം ഫൈനലിൽ സർവീസസും, വനിതാ വിഭാഗത്തിൽ ഇന്ത്യൻ റെയിൽവേസുമാണ് കേരളത്തിന്റെ എതിരാളികൾ. ഉച്ച കഴിഞ്ഞ് രണ്ടിനാണ് മത്സരങ്ങൾ ആരംഭിക്കുന്നത്.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ഒഡീഷ FC യെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

ISL മത്സരത്തിന്റെ പശ്ചാത്തലത്തിൽ കൊച്ചി മെട്രോ രാത്രി 11 വരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും പത്ത് വീതം സർവീസുകൾ നടത്തും.

✪✪✪

ഖോ-ഖോ ലോകകപ്പിന് ഇന്ന് ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് നേപ്പാളിനെ നേരിടും. രാത്രി എട്ടരയ്ക്കാണ് മത്സരം.

✪✪✪

മുംബൈ വാങ്കഡെ ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ 50-ാം വാർഷികാഘോഷങ്ങൾക്ക് തുടക്കമായി. ഇതിഹാസ ക്രിക്കറ്റ് താരം സുനിൽ ഗാവസ്കർ, വിനോദ് കാംബ്ലി എന്നിവരുൾപ്പെടെ താരങ്ങളെ മുംബൈ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ആദരിച്ചു.

✪✪✪

പത്തനംതിട്ട പീഡന കേസ് വനിത I.G അന്വേഷിക്കണമെന്ന് മഹിള കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജെബി മേത്തർ M.P ആവശ്യപ്പെട്ടു. പിണറായി ഗവൺമെന്റിന്റെ നവ കേരളം സ്ത്രീ പീഡനങ്ങളുടെ നാടായി മാറിയിരിക്കുകയാണെന്നും അവർ കണ്ണൂരിൽ പറഞ്ഞു.

✪✪✪

*News Editor: സുരേഷ് വി കെ*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: ഫസ്ന ഫാത്തിമ*
*DEO : സുബോധ് സി കെ*